**File No.LSGD-EPA1/313/2018-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ആസിഫ് ഹുസൈൻ.എം.ആർ-ന് അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയുക്തമാക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2038/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/10/2020

---

പരാമർശം:- 1 സ.ഉ( സാധാ )നം.672/10/ തസ്വഭവ, തീയതി 01.03.2010.

2 ശ്രീ.ആസിഫ് ഹുസൈന്റെ 04.04.2019ൽ സമർപ്പിച്ച അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 20.11.2018, 11.01.2020 എന്നീ തീയതികളിലെ ഇ6-25449/18 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ആസിഫ് ഹുസൈൻ.എം.ആർ-ന് പരാമർ ശം (1) സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ഗവ ലോ കോളേജിൽ എൽ.എൽ.ബി കോഴ്സ് പൂർത്തിയാക്കുന്നതിനായി 01.06.2009 മുതൽ അഞ്ചു വർഷത്തെ ശൂന്യവേതനാവധി കെ.എസ്.ആർ പാർട്ട് I , അനുബന്ധം XII B പ്രകാരം അനുവദിക്കുകയും അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 11.07.2013 ൽ ടിയാൻ ജോലിയിൽ പുന:പ്രവേശിക്കുകയും ചെയ്തു. ആയതിനാൽ ടിയാന് അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൻ വിനിയോഗിക്കാത്ത 11.07.2013 മുതൽ 31.05.2014 വരെയുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2.സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ആസിഫ് ഹുസൈൻ.എം.ആർ-ന് പരാമർ ശം ( 1 ) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയുക്തമാക്കാത്ത 11.07.2013 മുതൽ 31.05.2014 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.ആസിഫ് ഹുസൈൻ.എം.ആർ, ക്ലാർക്ക്, മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ധനവകുപ്പ് ( 10.08.2020 ലെ ധെവ 1/218/19/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(313/ഇപിഎ1/18/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ